നമ്പർ: 199/2017

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ദൈവത്തിന്റെ അളവറ്റ കൃപയാലും നമ്മുടെ വിശ്വാസികളുടെ അകമഴിഞ്ഞ സഹായങ്ങളാലും നമ്മുടെ രണ്ടു സെമിനാരികളും അഭിവൃദ്ധിപ്പെട്ടുവരുന്നതിൽ ദൈവത്തെ സ്തുതിക്കാം. ബി. ഡി. ഡിഗ്രിക്കായി കോട്ടയത്തുള്ള പഴയസെമിനാരിയിൽ 145 വിദ്യാർത്ഥികളും നാഗ്പൂർ സെന്റ് തോമസ് സെമിനാരിയിൽ 73 വിദ്യാർത്ഥികളും ഉണ്ട്. ഇതുകൂടാതെ പഴയ സെമിനാരിയിൽ മാസ്റ്റർ ഡിഗ്രിക്കും, ഡോക്ടറേറ്റിനും ഇതര സഭകളിലെ ഉൾപ്പെടെ 50 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. പഴയസെമിനാരിയുടെ ദ്വിശതാബ്ദി നാം കൊണ്ടാടി. സെമിനാരി സ്ഥാപകനായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ഒന്നാമന്റെ ഇരുനൂറാം ഓർമ്മപ്പെരുന്നാളും സമുചിതമായി ആചരിച്ചു. പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് പൂർത്തിയാക്കി. ജൂബിലി സുവനീർ പ്രസിദ്ധീകരിച്ചു. ഇനി സഭാവിജ്ഞാനകോശം പുന:പ്രസിദ്ധീകരണം, സ്റ്റാഫ് ക്വാർട്ടേഴ്സ് പണി എന്നിവ പൂർത്തിയാക്കണം. നാഗ്പൂർ സെമിനാരി അത്മായർക്കായി ആരംഭിച്ച ഓൺലൈൻ കോഴ്സായ ‘സത്യജ്യോതി’ പഠനപദ്ധതി ഭംഗിയായി നടന്നുവരുന്നു ആദ്യബാച്ചിന് സർട്ടിഫിക്കറ്റ് നൽകി. ലൈബ്രറിയുടെ ആധുനീകവൽക്കരണവും പൂർത്തിയായി.

പാശ്ചാത്യ ദേശങ്ങളിൽ വൈദിക പഠനത്തിന് വിദ്യാർത്ഥികളുടെ ലഭ്യത കുറവാണ്. എന്നാൽ ദൈവകൃപയാൽ നമ്മുടെ സാഹചര്യം വ്യത്യസ്തമാണ്. ഇന്നും അനേക വിദ്യാർത്ഥികൾ വൈദിക ശുശ്രൂഷയ്ക്ക് താല്പര്യം ഉള്ളവരായിട്ടുണ്ട്. അവരിൽ വൈദിക സെമിനാരിയിൽ പ്രവേശനം ലഭിക്കാതെ പോകുന്നവരെ മറ്റു പല സഭാശുശ്രൂഷകൾക്കായി നാം ഒരുക്കേണ്ടതുണ്ട്. അതുപോലെ പഠനത്തിൽ സമർത്ഥരും നല്ല സമർപ്പണവുമുള്ളവരെ കൂടുതലായി കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ വർഷം ഒക്ടോബർ 1-ാം തീയതി ഞായറാഴ്ചയാണ് സെമിനാരിദിനം. അന്നേദിവസം എല്ലാ പള്ളികളിലും വി. കുർബ്ബാനമദ്ധ്യേ സെമിനാരികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും, സെമിനാരി കവർ പിരിവിലും അന്നത്തെ സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും വേണം. ഒക്ടോബർ 1-ന് വി. കുർബ്ബാനയില്ലാത്ത പള്ളികളിൽ, തൊട്ടടുത്ത് വി. കുർബ്ബാനയുള്ള പൊതു ആരാധനാദിവസം സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും സെമിനാരികൾക്ക് സാമ്പത്തിക പിന്തുണ നൽകുകയും വേണം. പള്ളിയിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള പ്രത്യേക സംഭാവനകളും അന്നത്തെ സ്തോത്രകാഴ്ചയും ഉൾപ്പെടെയുള്ള മുഴുവൻ തുകയും ***പ്രിൻസിപ്പാൾ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം-1, കേരള, 686001*** എന്ന വിലാസത്തിൽ ഒക്ടോബർ 31-നു മുമ്പായി അയച്ചുകൊടുക്കണം. കവർപിരിവിൽ വിശ്വാസികൾ നൽകുന്ന മൊത്തം തുകയും കാണിക്കയും സെമിനാരിയിലേക്ക് അയച്ചു എന്ന് ഉറപ്പുവരുത്തണം. ലഭിക്കുന്ന തുക ഇരുസെമിനാരികൾക്കും ആനുപാതികമായി വീതിച്ചു നൽകുന്നതാണ്.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ജൂലൈ മാസം 26-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.